**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1464** **12-02-2025 - ൽ മറുപടിയ്ക്ക്**

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ | | ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിനെ സംബന്ധിച്ച് നിലവിൽ ജില്ലാതലങ്ങളിൽ ജില്ലാ എംപ്ലോയ്മെന്റ് ആഫീസർമാർ തങ്ങളുടെ കീഴിൽ വരുന്ന ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും, യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ & ഗൈഡൻസ് ബ്യൂറോകളിലും എംപ്ലോയ്മെന്റ് ഇൻഫർമേഷൻ & അസിസ്റ്റൻസ് ബ്യൂറോകളിലും പരിശോധന നടത്തിവരുന്നു. മേഖല എംപ്ലോയ്മെന്റ് ഡെപ്യൂട്ടി ഡയറക്ടർമാർ തങ്ങളുടെ കീഴിൽ വരുന്ന സബ് റീജ്യണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ, പ്രൊഫഷണൽ & എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ, ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ, കരിയർ ഡെവലപ്പ്മെന്റ് സെന്ററുകൾ, എംപ്ലോയബിലിറ്റി സെന്ററുകൾ, ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ, യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ & ഗൈഡൻസ് ബ്യൂറോകൾ, എംപ്ലോയ്മെന്റ് ഇൻഫർമേഷൻ & അസിസ്റ്റൻസ് ബ്യൂറോകൾ എന്നിവിടങ്ങളിൽ ഓരോ മാസവും പരിശോധന നടത്തി വരുന്നു. ഇപ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തുന്ന അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചു വരുന്നു. കൂടാതെ എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ് തലത്തിൽ, വകുപ്പിലെ എല്ലാ സബ് ഓഫീസുകളുടെയും പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും പരിശോധനാ വിധേയമാക്കുകയും ചെയ്തു വരുന്നു. |
| (ബി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (ബി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നത് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | സർക്കാർ വകുപ്പുകളിൽ താല്ക്കാലിക, കരാർ അടിസ്ഥാനത്തിലുള്ള നിയമനങ്ങൾ 1959-ലെ കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് | (സി) | വ്യക്തികൾ/സംഘടനകൾ മുഖേന ലഭിക്കുന്ന പരാതികളുടെ അടിസ്ഥാനത്തിലും വകുപ്പിലെ ആക്ട് എൻഫോഴ്സ്മെന്റ് ഓഫീസർമാരായ ജില്ലാ |

| | | | |
|---|---|---|---|
| | ആക്ടിന് വിരുദ്ധമായാണ് നടക്കുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | എംപ്ലോയ്മെന്റ് ഓഫീസർ/ എംപ്ലോയ്മെന്റ് ഓഫീസർമാരുടെ നേതൃത്വത്തിൽ നടത്തുന്ന സ്ഥാപന പരിശോധനകളിലും ചില നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന അല്ലാതെ നടന്നിട്ടുള്ളതായി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എല്ലാ സർക്കാർ/അർദ്ധ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിലേയും ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കേണ്ടതാണെന്നുള്ള 1959-ലെ കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട്-നും തുടർന്ന് കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾക്കും അനുസൃതമായി നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തുന്നതിനാവശ്യമായ നിർദേശങ്ങൾ പരിശോധന ഉദ്യോഗസ്ഥർ ഉദ്യോഗദായകർക്ക് നൽകി തുടർ നടപടികൾ സ്വീകരിക്കാറുണ്ട്. |
| (ഡി) | എങ്കിൽ ഇത്തരത്തിലുള്ള നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി മാത്രമാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | 1959-ലെ കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് പ്രകാരം എല്ലാ സർക്കാർ/ അർദ്ധ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിലേയും ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കേണ്ടതാണ്. സംസ്ഥാനത്തുള്ള സർക്കാർ വകുപ്പുകൾ/ പൊതുമേഖലാ സ്ഥാപനങ്ങൾ/ ബോർഡുകൾ/ കമ്പനികൾ/ കോർപ്പറേഷനുകൾ/ സർക്കാർ ഗ്രാന്റിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിലുള്ള പബ്ലിക് സർവീസ് കമ്മീഷന്റെ പരിധിക്ക് പുറത്ത് വരുന്ന ഒഴിവുകൾ നികത്തുന്നത് ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന വ്യവസ്ഥകൾക്ക് വിധേയമായി മാത്രമായിരിക്കേണ്ടതാണെന്നും ഇതിന് വിപരീതമായി പ്രവർത്തിക്കുന്ന വകുപ്പ് മേധാവികൾക്കും/ തലവൻമാർക്കുമെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കുന്ന ഒഴിവുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പരിപാലിച്ച് പോരുന്ന സാമുദായിക സംവരണ പട്ടിക അനുസരിച്ച് സീനിയോറിറ്റി, യോഗ്യത, വയസിളവ്, സംവരണം, മുൻഗണന, മറ്റ് മാനദണ്ഡങ്ങൾ എന്നിവയ്ക്കനുസൃതമായി യോഗ്യരായ ഉദ്യോഗാർഥികളുടെ നാമനിർദ്ദേശ പട്ടിക തയാറാക്കി ഉദ്യോഗദായകന് യഥാസമയം വകുപ്പ് നൽകുന്നുണ്ട്. പ്രസ്തുത പട്ടികയിൽ നിന്നും നിയമനം നൽകുന്നത് ഉദ്യോഗദായകനാണ്. |

| | | | |
|---|---|---|---|
| | | | 1959-ലെ കംപൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട്-നും തുടർന്ന് കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾക്കും വിരുദ്ധമായി, വ്യക്തികൾ/സംഘടനകൾ മുഖേന നൽകുന്ന പരാതികളിലും പത്രവാർത്തകളുടെ അടിസ്ഥാനത്തിലും വകുപ്പിലെ ആക്ട് എൻഫോഴ്സ്മെന്റ് ഓഫീസർമാരായ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ/ എംപ്ലോയ്മെന്റ് ഓഫീസർമാരുടെ നേതൃത്വത്തിൽ നടത്തുന്ന സ്ഥാപനപരിശോധനകളിൽ കരാർ നിയമനങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ, കരാർ നിയമനങ്ങൾ റദ്ദ് ചെയ്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഒഴിവ് അറിയിച്ച് നിയമനം നടത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗദായകന് കർശന നിർദ്ദേശം നൽകുകയും ഇക്കാര്യത്തിൽ ആവശ്യമായ തുടർ നടപടികൾ കൃത്യമായ സമയങ്ങളിൽ സ്വീകരിക്കുകയും ചെയ്യാറുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു

**ഓൺലൈൻ പോർട്ടൽ:-** കേരളത്തിലെ സാമ്പ്രദായിക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ നവീകരിച്ച് ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടുകൂടി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 35 ലക്ഷത്തോളം തൊഴിലന്വേഷകരുടെ വിവരം ഡിജിറ്റലൈസ് ചെയ്ത് www.eemployment.kerala.gov.in എന്ന ഓൺലൈൻ പോർട്ടൽ വികസിപ്പിക്കുകയും ആയതിന്റെ സേവനം 03.05.2017 മുതൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും തൊഴിലന്വേഷകർക്ക് ലഭ്യമായിരുന്ന രജിസ്ട്രേഷൻ, പുതുക്കൽ, സർട്ടിഫിക്കറ്റ് ചേർക്കൽ, രജിസ്ട്രേഷൻ ട്രാൻസ്ഫർ, വ്യക്തിഗതവിവരങ്ങളുടെ അപ്ഡേഷൻ തുടങ്ങിയ എല്ലാ സേവനങ്ങളും നിലവിൽ ടി പോർട്ടൽ വഴി എല്ലായ്പ്പോഴും എവിടെ നിന്നും ലഭ്യമാണ്.

**ഇ-ഓഫീസ്:-** കേരളത്തിലെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും പേപ്പർ രഹിത ഓഫീസുകളാക്കുന്നതിനും ടി ഓഫീസുകളിൽ നിന്നും നൽകുന്ന സേവനങ്ങൾ മെച്ചപ്പെട്ട രീതിയിൽ കൂടുതൽ വേഗത്തിലും കൂടുതൽ സുതാര്യമായും ലഭ്യമാക്കുന്നതിന് എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കി കഴിഞ്ഞു.

**മൊബൈൽ ആപ്ലിക്കേഷൻ:-** എംപ്ലോയ്മെന്റ് വകുപ്പിന്റെ എല്ലാ പ്രവർത്തനങ്ങളും ഓൺലൈൻ പ്ലാറ്റ്ഫോമിലാക്കിയിട്ടുണ്ടെങ്കിലും കമ്പ്യൂട്ടർ, നെറ്റ്വർക്ക് കണക്ഷൻ എന്നിവയുടെ അപര്യാപ്തത കാരണം ടി ഓൺലൈൻ സേവനങ്ങൾ സാധാരണ ജനങ്ങൾക്ക് എളുപ്പത്തിൽ ലഭിക്കുന്നതിനു് പരിമിതികളുണ്ട്. ഇത് മറികടക്കുന്നതിനും വകുപ്പിന്റെ ഓൺലൈൻ സേവനങ്ങൾ പൊതുജനങ്ങളുടെ വിരൽ തുമ്പിൽ ലഭ്യമാക്കുന്നതിനുമായി ഒരു മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിക്കുകയും അതിന്റെ സംസ്ഥാന തല ഉദ്ഘാടനം 11.12.2021 ന് ബഹു: വിദ്യാഭ്യാസവും തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി നിർവ്വഹിക്കുകയും ചെയ്തു.

**ക്യൂ.ആർ കോഡ് ഉൾപ്പെടുത്തിയ സ്മാർട്ട് കാർഡ്:-** എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് പരമ്പരാഗത ഐഡന്റിറ്റി കാർഡിന് പകരം സ്മാർട്ട് കാർഡ് നൽകുന്ന പദ്ധതി സർക്കാരിന്റെ രണ്ടാം 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തിയിരുന്നു. ഇതിന്റെ ഭാഗമായി സ്മാർട്ട് കാർഡ് പ്രിന്റിംഗിന് ആവശ്യമായ മോഡ്യൂൾ ഓൺലൈൻ പോർട്ടലിൽ ഉൾപ്പെടുത്തുകയും ആദ്യ ഘട്ടത്തിൽ തിരുവനന്തപുരം മോഡൽ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ ഉദ്യോഗാർത്ഥികൾക്ക് സ്മാർട്ട് കാർഡ് നൽകുന്ന പദ്ധതിയുടെ ഉദ്ഘാടനം ബഹു: വിദ്യാഭ്യാസവും തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി 28.04.2022 ന് ഉദ്ഘാടനം ചെയ്യുകയും ചെയ്തു. അധികം വൈകാതെ തന്നെ ഉദ്യോഗാർത്ഥികൾക്ക് സ്മാർട്ട് കാർഡ് നൽകുന്ന പദ്ധതി കോഴിക്കോട്, തൃശൂർ ജില്ലാ എക്സ്ചേഞ്ചുകളിൽ ആരംഭിക്കുന്നതാണ്.

**പ്രവാസികൾക്കുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്:-** കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സമസ്ത മേഖലയിലും തൊഴിൽ നഷ്ടവും സാമ്പത്തിക മാന്ദ്യവും സംഭവിക്കുന്ന സാഹചര്യത്തിൽ പ്രവാസിക്ഷേമം മുൻനിർത്തി പ്രവാസികൾക്കായി ഒരു പ്രത്യേക വിർച്ചൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ആരംഭിക്കുന്നതിനുള്ള ഭരണാനുമതി സർക്കാരിൽ നിന്നും ലഭിക്കുകയും ഇതിനാവശ്യമായ ഓൺലൈൻ പോർട്ടൽ എൻ.ഐ.സി കേരള ഘടകം വഴി വികസിപ്പിക്കുകയും ഇതിന്റെ സംസ്ഥാനതല ഉദ്ഘാടനം 24.05.2023 ന് ബഹു: വിദ്യാഭ്യാസവും തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി നിർവ്വഹിക്കുകയും ചെയ്തു. പോർട്ടലിന്റെ പ്രധാന ഗുണഭോക്താക്കൾ താഴെപ്പറയുന്നവരാണ്.

I. വിദേശ മലയാളികൾ (നിലവിൽ വിദേശത്ത് ജോലി ചെയ്യുന്ന മലയാളികൾ)
II. കേരളത്തിന് പുറത്ത് ജോലി ചെയ്യുന്ന മലയാളികൾ
III. തൊഴിൽ നഷ്ടം സംഭവിച്ച് മടങ്ങി വന്ന മേൽപ്പറഞ്ഞ രണ്ട് വിഭാഗക്കാർ.

മേൽ പറഞ്ഞ വിഭാഗത്തിലുള്ളവർക്ക് അവരുടെ നിലവിലെ തൊഴിൽ സാഹചര്യം, തൊഴിൽ നൈപുണ്യം, വിദ്യാഭ്യാസ യോഗ്യത, വിദേശത്തോ നാട്ടിലോ ഉള്ള മേൽ വിലാസം എന്നിവ തെളിയിക്കുന്നതിനുള്ള ഏതെങ്കിലും ആധികാരിക രേഖ **www.pravasi.employment.kerala.gov.in** എന്ന പോർട്ടലിൽ അപ്‌ലോഡ് ചെയ്ത് ഓൺലൈനായി രജിസ്ട്രേഷൻ നടത്താവുന്നതാണ്.

**മോഡൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ**

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഓട്ടോമേറ്റഡ് ടോക്കൺ സിസ്റ്റം, സെൽഫ് ഓപ്പറേറ്റിംഗ് കിയോസ്ക്കുകൾ, ഉദ്യോഗാർത്ഥികൾക്ക് വൊക്കേഷണൽ ഗൈഡൻസ് നൽകുന്നതിനുള്ള ഡിജിറ്റൽ ഡിസ്പ്ലേ എന്നിവ സ്ഥാപിച്ച്, രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് പരമ്പരാഗത ഐഡന്റിറ്റി കാർഡിനു പകരം സ്മാർട്ട് കാർഡുകൾ നൽകുന്ന തരത്തിൽ കേരളത്തിലെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെയും മോഡൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളാക്കുന്ന നടപടികൾ സ്വീകരിച്ച് വരികയാണ്. ഇതിന് തുടക്കം കുറിച്ചു കൊണ്ട് തിരുവനന്തപുരം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ മോഡൽ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചാക്കി ഉയർത്തുകയും ആയതിന്റെ ഉദ്ഘാടനം ബഹു: വിദ്യാഭ്യാസവും തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി 28.04.2022 ന് നിർവ്വഹിക്കുകയും ചെയ്തു.

**പ്രൈവറ്റ് ജോബ് പോർട്ടൽ** :- കേരളത്തിലെ അഭ്യസ്തവിദ്യരായ തൊഴിൽരഹിതർക്ക് സ്വകാര്യമേഖലയിലെ നിരവധി തൊഴിലവസരങ്ങൾ കൂടി പ്രാപ്തമാക്കുക എന്ന ലക്ഷ്യത്തോടു കൂടി എംപ്ലോയ്മെന്റ് വകുപ്പ് പ്രൈവറ്റ് ജോബ് പോർട്ടൽ എന്ന ഒരു ഓൺലൈൻ പോർട്ടൽ വികസിപ്പിച്ചു വരികയാണ്. പ്രൈവറ്റ് മേഖലയിലെ എല്ലാ തൊഴിൽദായകർക്കും ടി പോർട്ടലിൽ രജിസ്റ്റർ ചെയ്ത് അവരുടെ വേക്കൻസികൾ പ്രസിദ്ധപ്പെടുത്തുവാൻ സാധിക്കും. ഉദ്യോഗാർത്ഥികൾക്ക് അവരുടെ യോഗ്യതയ്ക്കും അഭിരുചിക്കും അനുസരിച്ചുള്ള തൊഴിലുകളിലേക്ക് ടി പോർട്ടൽ മുഖേന അപേക്ഷിക്കുവാനും ഉദ്യോഗദായകർക്ക് ടി അപേക്ഷകരിൽ നിന്നും അവർക്ക് ആവശ്യമായ ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുവാനും സാധിക്കും. കൂടാതെ ഉദ്യോഗദായകർക്ക് വകുപ്പിന്റെ സഹകരണത്തോടെ മിനി/മെഗാ തൊഴിൽമേളകൾ സംഘടിപ്പിക്കുന്നതിനും സഹായകമാകുന്ന രീതിയിലാണ് ഈ പോർട്ടൽ വികസിപ്പിച്ചു വരുന്നത്. ഇത്തരത്തിലൊരു സംവിധാനം കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക് ഗണ്യമായ രീതിയിൽ കുറയ്ക്കുന്നതിന് സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**കരിയർ ഡെവലപ്പ്മെന്റ് സെന്റർ (സി.ഡി.സി).**

ഗ്രാമീണമേഖലയിലെ അഭ്യസ്തവിദ്യരായ വിദ്യാർത്ഥികൾക്കും തൊഴിൽ രഹിതർക്കും വേണ്ടി **2016-17** സാമ്പത്തിക വർഷം മുതൽ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ചു നടപ്പാക്കി വരുന്ന പദ്ധതിയാണ് **കരിയർ ഡെവലപ്പ്മെന്റ് സെന്റർ (സി.ഡി.സി).** കരിയർ സംബന്ധമായ ഏതു പ്രശ്നത്തിനും പരിഹാരം നൽകുന്ന കേന്ദ്രമാണ് കരിയർ ഡെവലപ്പ്മെന്റ് സെന്റർ. ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകളുടെ എക്സ്റ്റൻഷൻ സെന്ററുകളായാണ് കരിയർ ഡവലപ്മെന്റ് സെന്ററുകൾ പ്രവർത്തിക്കുന്നത്.

നിലവിൽ സംസ്ഥാനത്ത് 7 കരിയർ ഡെവലപ്പ്മെന്റ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. ആയത് തിരുവനന്തപുരം ജില്ലയിലെ പാലോട്, നെയ്യാറ്റിൻകര, കൊല്ലം ജില്ലയിലെ കൊട്ടാരക്കര, ആലപ്പുഴ ജില്ലയിലെ കായംകുളം, എറണാകുളം ജില്ലയിലെ തൃപ്പൂണിത്തുറ, പാലക്കാട് ജില്ലയിലെ ചിറ്റൂർ, കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര എന്നിവിടങ്ങളിലാണ്.

കരിയർ ഡെവലപ്പ്മെന്റ് സെന്ററുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

- 20.02.2023 ലെ സ.ഉ.(സാധാ)നം-217/2023-LBRD നമ്പർ ഉത്തരവ് പ്രകാരം കരിയർ ഡെവലപ്പ്മെന്റ് സെന്ററുകളുടെ നടത്തിപ്പിൽ നിന്നും കേരള അക്കാഡമി ഫോർ എക്സലൻസിനെ (KASE) പൂർണ്ണമായും ഒഴിവാക്കി എംപ്ലോയ്മെന്റ് വകുപ്പ് നേരിട്ട് ഏറ്റെടുത്ത് നടത്തി വരുന്നു.
- കരിയർ ഡെവലപ്പ്മെന്റ് സെന്ററിന്റെ പ്രവർത്തനങ്ങളുമായി ബന്ധപെട്ട് കരിയർ ഡെവലപ്പ്മെന്റ് സെന്ററിലെ കരാർ ജീവനക്കാർ, ബന്ധപ്പെട്ട വകുപ്പിലെ ജിവനക്കാർ എന്നിവർക്ക് പരിശീലനം നൽകി.
- കൊല്ലം ജില്ലയിലെ കൊട്ടാരക്കരയിൽ പുതിയതായി ഒരു കരിയർ ഡെവലപ്പ്മെന്റ് സെന്റർ പ്രവർത്തനം ആരംഭിച്ചു.
- തിരുവനന്തപുരം ജില്ലയിലെ കരമനയിൽ കരിയർ ഡെവലപ്പ്മെന്റ് സെന്റർ ആരംഭിക്കുന്നതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.
- തൃശൂർ ജില്ലയിലെ ചേലക്കരയിൽ കരിയർ ഡെവലപ്പ്മെന്റ് സെന്റർ ആരംഭിക്കുന്നതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിച്ചു.
- സംസ്ഥനത്തെ 6 ജില്ലകളിൽ (പത്തനംതിട്ട, ഇടുക്കി, മലപ്പുറം, കണ്ണൂർ, വയനാട്,കാസറഗോഡ്) പുതിയതായി കരിയർ ഡെവലപ്പ്മെന്റ് സെന്റർ ആരഭിക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിരുന്നു. ആയതിന്റെ അടിസ്ഥനത്തിൽ ബന്ധപ്പെട്ട ജില്ലകളിൽ സ്ഥലലഭ്യത ഉറപ്പ് വരുത്തി കരിയർ ഡെവലപ്പ്മെന്റ് സെന്റർ ആരംഭിക്കുന്നതിനുള്ള പ്രവർത്തനം വകുപ്പ് മുഖേന നടന്ന് വരുന്നു.
- കണ്ണൂർ ജില്ലയിലെ പയ്യന്നൂർ കേന്ദ്രമായി പയ്യന്നൂർ കണ്ടംകാളി വികസന സമിതിയുടെ പേരിലുള്ള 12 സെന്റ് സ്ഥലത്ത് കരിയർ ഡെവലപ്പ്മെന്റ് സെന്റർ ആരംഭിക്കുന്നതിന് സർക്കാരിൽ നിന്നും ഭരണാനുമതി ലഭിച്ചതിനെ തുടർന്ന് പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിന്റെയും കരിയർ ഡെവലപ്പ്മെന്റ് സെന്റർ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന്റെയും നടപടികൾ വകുപ്പ് മുഖേന നടന്ന് വരുന്നു.

## എംപ്ലോയബിലിറ്റി സെന്റർ

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടു കൂടി 2012 - 13 സാമ്പത്തിക വർഷം മുതൽ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന സംസ്ഥാന സർക്കാർ ആവിഷ്കരിച്ചു് നടപ്പാക്കി വരുന്ന പദ്ധതിയാണ് എംപ്ലോയബിലിറ്റി സെന്റർ. ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പമാണ് എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിച്ചു വരുന്നത്. ആയതിന്റെ ഭാഗമായി സംസ്ഥാനത്തുള്ള 11 ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം പ്രവർത്തിച്ചു വരുന്ന എംപ്ലോയബിലിറ്റി സെന്ററുകൾ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, കോട്ടയം, തൃശൂർ, കോഴിക്കോട്, കണ്ണൂർ, മലപ്പുറം, കാസർകോഡ്, പാലക്കാട് എന്നീ ജില്ലകളിലാണ് സ്ഥിതി ചെയുന്നത്. ഇടുക്കി ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോടൊപ്പം എംപ്ലായബിലിറ്റി സെന്റർ ആരംഭിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരികയാണ്.

എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരും തൊഴിൽ രഹിതരുമായ ഉദ്യോഗാർഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ്, എന്നിവ വിവിധ അസ്സെസ്സ്മെന്റ് ടൂൾസ് ഉപയോഗിച്ച് വിലയിരുത്തി, സോഫ്റ്റ് സ്കില്ലുകൾക്കും, ഇംഗ്ലീഷ് ഭാഷ പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും എംപ്ലോയബിലിറ്റി സെന്ററുകൾ പരിശീലനം നൽകി വരുന്നു. കൂടാതെ തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്കു അത്തരം പരിശീലനം നൽകുന്ന അംഗീകൃത പരിശീലനകേന്ദ്രങ്ങൾ മുഖേനയും പരിശീലനം നൽകുന്നു. ഇപ്രകാരം പരിശീലനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യമേഖലയിലെ തൊഴിലവസരം ലഭ്യമാക്കുന്നതിനായി തൊഴിൽദാതാക്കളുമായി നേരിട്ട് ബന്ധപ്പെട്ടും ജോബ്ഫെയറുകൾ സംഘടിപ്പിച്ചും തൊഴിൽ നേടിയെടുക്കുവാൻ എംപ്ലോയബിലിറ്റി സെന്ററുകൾ അവസരം ഉണ്ടാക്കി കൊടുക്കുന്നുണ്ട്.

എംപ്ലോയബിലിറ്റി സെന്ററുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

- 20.02.2023 ലെ സ.ഉ.(സാധാ)നം-217/2023-LBRD നമ്പർ ഉത്തരവ് പ്രകാരം എംപ്ലോയബിലിറ്റി സെന്ററുകളുടെ നടത്തിപ്പിൽ നിന്നും കേരള അക്കാഡമി ഫോർ എക്സലൻസിനെ (KASE) പൂർണ്ണമായും ഒഴിവാക്കി എംപ്ലോയ്മെന്റ് വകുപ്പ് നേരിട്ട് ഏറ്റെടുത്ത് നടത്തി വരുന്നു.

- തിരുവനതപുരം ജില്ലയിൽ എംപ്ലോയബിലിറ്റി സെന്റർ പ്രവർത്തനം ആരംഭിച്ചു.

- എംപ്ലോയബിലിറ്റി സെന്ററുകളുടെ സർക്കാർ അംഗീകരിച്ചു് നൽകിയ DPR പ്രകാരം നിർദ്ദേശിച്ചിട്ടുള്ള തസ്തികളിലെ നിയമന നടപടികൾ പൂർത്തീകരിച്ചു .

- എംപ്ലോയബിലിറ്റി സെന്ററുകളിൽ നിയമിതരായ കരാർ ജീവനക്കാർക്കും ബന്ധപ്പെട്ട വകുപ്പിലെ ജിവനക്കാർക്കും പരിശീലനം നൽകി.

- എല്ലാ എംപ്ലോയബിലിറ്റി സെന്ററുകളുടെയും പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ തയ്യാറാക്കി നൽകി.

- എംപ്ലോയബിലിറ്റി സെന്ററുകളിലെ രജിസ്ട്രേഷൻ ഫീസ് ഇനത്തിൽ 30.06.2023 വരെ KASE ന്റെ പക്കൽ നീക്കിയിരുപ്പുണ്ടായിരുന്ന 5,53,04,337/- രൂപ സർക്കാരിന്റെ വരവു ശീർഷകത്തിൽ ഒടുക്കി.

- 01.07.2023 മുതൽ 01.12.2023 വരെ രജിസ്ട്രേഷൻ ഫീസ് ഇനത്തിൽ KASE ന്റെ, എംപ്ലോയബിലിറ്റി സെന്ററുകൾക്കായി തുറന്ന വിവിധ അക്കൗണ്ടുകളിൽ ലഭിച്ച 11,56,600/- രൂപ സർക്കാരിന്റെ 230-00-800-70-Receipts pertaining to the Employability Centre under Directorate of Employment" എന്ന വരവ് ശീർഷകത്തിൽ ഒടുക്കി.

- എംപ്ലോയബിലിറ്റി സെന്ററിലെ രജിസ്ട്രേഷൻ ഫീസ് ഇനത്തിൽ നിലവിൽ ലഭിക്കുന്ന തുക 230-00-800-70-Receipts pertainingto the Employability Centre under Directorate of Employment" എന്ന വരവ് ശീർഷകത്തിൽ നേരിട്ട് ഒടുക്കി വരുന്നു.

Kavitha T

സെക്ഷൻ ഓഫീസർ